## 2004-05-ലെ ബഡ്ജറ്റും തൊഴിൽ വകുപ്പിന്റെ പദ്ധതികളും

74 [1279] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 ബഡ്ജറ്റിൽ തൊഴിൽ വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്ക് എന്ത് തുക നീക്കിവച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും ഇതിനായി എന്തു തുക വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ ;

(സി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ തൊഴിൽ വകുപ്പിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; ഇതിന് എന്ത് തുക നീക്കിവച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇതിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 2004-05 ബഡ്ജറ്റിൽ തൊഴിൽ വകുപ്പിൽ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ വിവരം† അനുബന്ധം- I ആയി ചേർത്തിട്ടുണ്ട്.

(ബി) 2005 മാർച്ച് 31-നകം പദ്ധതികൾ പൂർത്തിയാക്കത്തക്കരീതിയിൽ സത്വര നടപടി കൈക്കൊണ്ടുവരുന്നു. വിവിധ പദ്ധതികൾക്ക് ഇതിനകം ചെലവഴിച്ച തുകയുടെ കണക്ക്† അനുബന്ധം- II ആയി കൊടുക്കുന്നു.

(സി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ തൊഴിൽ വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്:

1. കേരളത്തിലെ ബാർബർമാർക്കും ബ്യൂട്ടീഷ്യൻമാർക്കും വേണ്ടി കേരള ബാർബർ തൊഴിലാളി ക്ഷേമ പദ്ധതി.
2. കേരളത്തിലെ അലക്കുവിഭാഗം തൊഴിലാളികൾക്കുവേണ്ടി അലക്കു തൊഴിലാളി ക്ഷേമ പദ്ധതി.
3. കേരളത്തിലെ മോട്ടോർ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടി കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി.
4. കെസ്റു പദ്ധതിപ്രകാരം സ്വയം തൊഴിൽ പദ്ധതിക്കുള്ള വായ്പ 50,000 രൂപയിൽ നിന്നും ഒരു ലക്ഷമായി വർദ്ധിപ്പിക്കൽ.
5. അഞ്ച് ഐ. ടി. ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കി അപ്ഗ്രേഡ് ചെയ്ത് ആധുനീകരിക്കുന്ന നടപടി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ ഒന്ന് മുതൽ മൂന്നുവരെയുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പ്രാരംഭ ചെലവുകൾ അതാതു ബോർഡുകൾ വഹിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെസ്റു പദ്ധതിക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അഞ്ച് ഐ. ടി. ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി പ്രാരംഭ ദിശയിലായതിനാൽ ഇതിന്റെ ധനനിർണ്ണയ രീതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലാണ്.

(ഡി) 1 മുതൽ 4 വരെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തി. 5-ാമത്തെ പദ്ധതിയായ അഞ്ച് ഐ. ടി. ഐ.-കൾ മികവിന്റെ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി

75 [1280] ശ്രീ. ടി. പി. രാമകൃഷ്ണൻ :
,, മഞ്ഞളാംകുഴി അലി :
,, കെ. പി. സതീശ്ചന്ദ്രൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) തൊഴിൽ പ്രശ്നങ്ങളിലും തൊഴിൽ ഉറപ്പാക്കുന്നതിനും തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് മെച്ചപ്പെട്ട പ്രവർത്തനം ഉണ്ടാകാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; തൊഴിൽ അന്തരീക്ഷത്തെപ്പറ്റി നിക്ഷേപകരിൽ വിശ്വാസം വളർത്താൻ എന്തെല്ലാം പുതിയ നിയന്ത്രണങ്ങളാണ് തൊഴിലാളികൾക്കെതിരെ സർക്കാർ കൊണ്ടുവന്നിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി പൊതുമേഖലയിലും സഹകരണ മേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവ പുരോഗമിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly